©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
# അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14
Vol. XIV

തിരുവനന്തപുരം,
വെള്ളി
Thiruvananthapuram,
Friday

2025 സെപ്റ്റംബർ 12
12th September 2025
1201 ചിങ്ങം 27
27th Chingam 1201
1947 ഭാദ്രം 21
21st Bhadra 1947

നമ്പർ
No. 3240

## 1961 ലെ കേരള സർവ്വേയും അതിർത്തിയും സംബന്ധിച്ച ആക്ടിലെ 6-)0 വകുപ്പ് പ്രകാരമുള്ള പരസ്യം

A5(B2)-786/18 (DCEKM/7215/2025-C3) *2025 സെപ്റ്റംബർ 12*

എറണാകുളം ജില്ലയിലെ കൊച്ചി താലൂക്ക് പരിധിയിൽപ്പെട്ട കുമ്പളങ്ങി പെരുമ്പടപ്പ് റോഡ് വികസനത്തിനായി താഴെപ്പറയുന്ന വില്ലേജിലെ താഴെപ്പറയുന്ന സർവ്വേ നമ്പറിൽപ്പെട്ട ഭൂമിയുടെ സർവ്വേ നടത്താൻ സർക്കാർ നിർദേശിച്ചിരിക്കുകയാൽ താഴെപ്പറയുന്ന വില്ലേജിലെ സർവ്വേ പ്രവർത്തനങ്ങൾ ഉടൻ തന്നെ ആരംഭിക്കുന്നതാണെന്നും താഴെപ്പറയുന്ന വില്ലേജിലെ താഴെപ്പറയുന്ന സർവ്വേ നമ്പറിൽപ്പെട്ട ഭൂമി അതിർത്തി തിരിച്ച് സർവ്വേ ചെയ്യുന്നതാണെന്നും 1961 ലെ കേരള സർവ്വേയും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അതിർത്തിയും സംബന്ധിച്ച ആക്ടിലെ 6-)0 വകുപ്പ് 1-)0 ഉപവകുപ്പ് പ്രകാരം ഇതിനാൽ പരസ്യം ചെയ്യുന്നു.

താഴെപ്പറയുന്ന ഭൂമിയുടെ ഉള്ളിലോ അവയോട് ചേർന്ന് സ്ഥിതി ചെയ്യുന്ന രജിസ്റ്റർ ചെയ്ത ഭൂമിയിൽ അവകാശമുണ്ടെന്ന് തേർച്ച ചെയ്യുന്ന ഏതൊരാളെയും നേരിട്ടോ എജെന്റ് മുഖേനയോ സ്ഥലത്ത് ജോലി ചെയ്യുന്ന സർവ്വെയറുടെ അടുത്ത് ഹാജരാക്കുന്നതിനും അതിരുകൾ കാണിച്ച് കൊടുക്കുന്നതിനും അതിനോട് ബന്ധപ്പെട്ട രേഖകൾ നൽകുന്നതിനും വേണ്ടി അതാത് സമയം ആവശ്യപ്പെടുമ്പോൾ ഹാജരാക്കുന്നതിനും വേണ്ടി ഇതിനാൽ ക്ഷണിച്ചുകൊള്ളുന്നു. പ്രസ്തുത ആക്ടിലെ 6(2) പ്രകാരം ഈ പരസ്യം താഴെപ്പറയുന്ന ഭൂമിയിൽ അവകാശ ബന്ധമുള്ള ഏതൊരു ആൾക്കുമുള്ള സാധുവായ നോട്ടീസ് ആയി കണക്കാക്കേണ്ടതാണ്. പ്രസ്തുത ആക്ടിലെ 6(3) പ്രകാരം രജിസ്റ്റർ ചെയ്ത എല്ലാ കൈവശക്കാർക്കും

A) സർവ്വേ ചെയ്യുന്നതിനുവേണ്ടി നിർമാർജനം ചെയ്യേണ്ട ആവശ്യമുണ്ടായെക്കാവുന്ന മരങ്ങളോ, കുറ്റിക്കാടുകളോ, വേലികളോ, നിൽക്കുന്ന വിളകളോ അഥവാ സാരവത്തായ മറ്റ് തടസ്സങ്ങളോ 15 ദിവസങ്ങൾക്കകം നീക്കം ചെയ്യുകയോ മുറിച്ച് കളയുകയോ ചെയ്ത് അതിരുകളോ മറ്റ് ലൈനുകളോ വെടിപ്പാക്കണം എന്നും

B) കൊടി പിടിക്കുന്നവരെയും ചെയിന്മാന്മാരെയും നിയോഗിച്ച അതാത് സമയം ആവശ്യമായേക്കാവുന്ന സമയത്തേക്കും കാലത്തേക്കും തൊഴിലാളികളെ ഏർപ്പെടുത്തണമെന്നും

C) അനുയോജ്യമായ സർവ്വേ അടയാളങ്ങൾ നൽകണമെന്നും മറ്റ് പ്രകാരത്തിൽ പ്രസ്തുത ആക്ടോ അത് പ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളും അനുസരിച്ച് ആവശ്യപ്പെട്ടേക്കാവുന്ന സഹായങ്ങൾ സർവ്വെയർക്ക് ലഭ്യമാക്കണമെന്നും ഇതിനാൽ ആവശ്യപ്പെടുന്നു.

മേൽപ്പറഞ്ഞ (എ) മുതൽ(സി) വരെയുള്ള ഖണ്ഡങ്ങൾ പ്രകാരമുള്ള ഈ അഭ്യർഥനകൾ അനുസരിക്കുന്നതിൽ ആരെങ്കിലും വീഴ്ച വരുത്തുകയാണെങ്കിൽ, പ്രസ്തുത ജോലി കൂലിപ്പണിക്കാരെകൊണ്ട് ചെയ്യിക്കുന്നതും, ആയതിന്റെ ചെലവ് ആക്ടിലും അത് പ്രകാരം ഉണ്ടായിട്ടുള്ള ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ളതിൻ പ്രകാരം വീഴ്ച വരുത്തുന്നവരിൽ നിന്നും വസൂലാക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## ഭൂമിയുടെ വിശദവിവരങ്ങൾ

**ജില്ല : എറണാകുളം** **താലൂക്ക് : കൊച്ചി**

| വില്ലേജ് | സർവ്വേ നമ്പർ |
|---|---|
| പള്ളുരുത്തി | 922, 923, 924, 925, 929, 930, 931, 934, 935, 942, 944, 948, 949, 950, 951, 952, 953, 1070, 1071, 1072, 1073, 1074, 1076, 1079, 1080, 1081. |
| ഇടക്കൊച്ചി | 922, 924, 925, 926, 929, 931, 933, 934, 944, 947, 950, 952, 954, 957, 958, 959, 960, 1004, 1058, 1059, 1064, 1065, 1072. |
| **ആകെ വിസ്തീർണം : 239.2645 ഹെക്ടർ** | |

(ഒപ്പ് )

**സ്പെഷ്യൽ തഹസിൽദാർ (എൽ.എ)**

**എൻ എച്ച് നം 03, വൈറ്റില**

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.09.12 01:01:37 +05:30